LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി, കാർഷിക മൊത്തവ്യാപാര വിപണികൾ, വനിതാ സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവയിൽ നിന്നും ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറി ഇനങ്ങൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ചാണ് വിപണനം നടത്തുന്നത്.

(ബി&സി) സംസ്ഥാനത്തിനുള്ളിൽ ലഭ്യമായ പച്ചക്കറികൾ പരമാവധി സംഭരിക്കുക എന്നതാണ് ഹോർട്ടികോർപ്പിന്റെ നയം. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളുടെ ഭൂരിഭാഗവും ഹോർട്ടികോർപ്പ് ശേഖരിച്ചുവരുന്നുണ്ട്.

കൃഷികളുടെ വ്യാപനം

193 (1665) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി, മറ്റ് കൃഷികൾ എന്നിവ വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി, മറ്റ് കൃഷികൾ എന്നിവ വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. നെൽകൃഷി വികസന പദ്ധതി :

നെൽകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രസ്തുത പദ്ധതിയിൽ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് വിവിധ ഉല്പാദനോപാധികൾക്കായി ഹെക്ടറിന് 1,500 രൂപ ധനസഹായം നൽകുന്നു. ഇതോടൊപ്പം ആർ.കെ.വി.വൈ. പദ്ധതി മുഖേന ഹെക്ടറിന് 4,500 രൂപയും നൽകിവരുന്നു. പദ്ധതി പ്രകാരം കേരളത്തിലെ 11 നെൽകൃഷി വികസന ഏജൻസികൾക്കായി ധനസഹായം, പാടശേഖര സമിതികൾക്ക് ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾക്ക് ഹെക്ടറിന് 200 രൂപ നിരക്കിൽ പരമാവധി 20,000 രൂപ വരെ ധനസഹായം, പൊക്കാളി, ജീരകശാല, ഗന്ധകശാല തുടങ്ങിയ പ്രത്യേകതരം നെല്ലിനങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000 രൂപ ധനസഹായം എന്നിവയും നൽകിവരുന്നു.

2. പച്ചക്കറി കൃഷി വികസനം :

2011-12 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറിത്തോട്ടം, സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി, വിദ്യാർത്ഥികൾക്കും വീട്ടമ്മമാർക്കും സൗജന്യമായി പച്ചക്കറി വിത്ത്, നഴ്സറികൾ സ്ഥാപിക്കൽ, റെയിൻ ഷെൽട്ടർ, ഹൈബ്രിഡ് പച്ചക്കറി വിത്തുകളുടെ പരീക്ഷണ കൃഷി, നഗരങ്ങളിലെ മട്ടുപ്പാവിൽ ഗ്രോബാഗ് മുഖേനയുള്ള പച്ചക്കറി കൃഷി തുടങ്ങിയ ഇനങ്ങളാണ് നടപ്പിലാക്കുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗത്തെയും ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിലൂടെ പച്ചക്കറി കൃഷി ജനകീയമാക്കുവാനും ജനങ്ങളിൽ പ്രതിബദ്ധത ഉളവാക്കുവാനും കൂടുതൽ പ്രദേശങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

3. നാളികേര വികസന പദ്ധതി :

2011-12 മുതൽ നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതിയിൽ വളപ്രയോഗം സസ്യസംരക്ഷണം, ജലസേചനം, ഉണമേന്മയുള്ള തൈകളുടെ വിതരണം മുതലായ ഘടകങ്ങളാണ് നടപ്പാക്കി വരുന്നത്. 2014-15 മുതൽ നടപ്പിലാക്കുന്ന 'കേരഗ്രാമം പദ്ധതി' യിൽ 500 ഹെക്ടർ നാളികേര കൃഷിയുള്ള 30 ഗ്രാമങ്ങളിൽ മേൽ സൂചിപ്പിച്ച ഘടകങ്ങളോടൊപ്പം മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് പ്രോജക്ടടിസ്ഥാനത്തിൽ ധനസഹായം എന്ന ഘടകവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരസമിതികൾ രൂപീകരിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് കർഷകർക്കിടയിൽ സ്വീകാര്യത ലഭിക്കുകയും കൂടുതൽ മേഖലയിലേക്ക് തെങ്ങ് കൃഷി വ്യാപിപ്പിക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

4. സുഗന്ധവിളകളുടെ വികസനം :

കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിവ്യാപനത്തിനായി ടി പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. കൂടാതെ വയനാട്, ഇടുക്കി ജില്ലകളിൽ നിലവിലുള്ള കുരുമുളക് തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും പുതുതായി കൃഷി ആരംഭിക്കുന്നതിനും കുരുമുളക് തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

5. ഹൈ-ടെക് അഗ്രികൾച്ചർ :

ആധുനിക കൃഷിരീതികളായ പോളി ഹൗസ് കൃഷി, കൃത്യതാ കൃഷി എന്നിവ ഹൈടെക് അഗ്രികൾച്ചർ പദ്ധതിയിലൂടെ കർഷകർക്ക് പരിചയപ്പെടുത്തി കൊടുത്തിട്ടുണ്ട്. ഇതിലൂടെ പച്ചക്കറി, പുഷ്പകൃഷി തുടങ്ങിയ വിളകളുടെ കൃഷിവ്യാപനം സാദ്ധ്യമായിട്ടുണ്ട്.

കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന വാഴ, പച്ചക്കറി, പുഷ്പകൃഷി തുടങ്ങിയ ഹോർട്ടികൾച്ചർ വിളകളുടെ കൃഷി വ്യാപനത്തിന് വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly